നാദാപുരം സംഭവങ്ങൾ

137 (138) ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ നാദാപുരത്ത് ജനുവരിയിൽ ഉണ്ടായ സംഘർഷങ്ങളിലും കലാപങ്ങളിലും എത്ര പേർ മരിച്ചു എന്നു വ്യക്തമാക്കാമോ ;

(ബി) നാദാപുരം സംഭവങ്ങൾ സംബന്ധിച്ച് പോലീസ് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും അതിൽ എല്ലാംകൂടി എത്രപ്രതികൾ ഉണ്ടെന്നും വ്യക്തമാക്കുമോ ;

(സി) ഇതിന് എത്ര പ്രതികളെ പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ കേസുകളിൽ എത്ര ആർ.എസ്.എസ്. കാരും എത്ര എൽ.ഡി.എഫ്. കാരും പ്രതികളായി ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(ഇ) സ്ത്രീകളെ അപമാനിച്ച് എത്ര സംഭവങ്ങൾ ഇതിനോടനുബന്ധിച്ച് പോലീസിന് പരാതി ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(എഫ്) എപ്പോഴാണ് പോലീസിന് രേഖാമൂലം പരാതി ലഭിച്ചതെന്നും അതിൽ എത്ര പ്രതികളുടെ പേരുകൾ ഉണ്ടായിരുന്നുവെന്നും എന്നാണ് കേസ് രജിസ്റ്റർ ചെയ്തതെന്നും വ്യക്തമാക്കാമോ ;

(ജി) പരാതിക്കാരൻ നാദാപുരം പോലീസ് സ്റ്റേഷനിൽ രേഖാമൂലം നൽകിയ പരാതിയിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും പ്രതികളെ ഒഴിവാക്കിയാണോ കേസ് എടുത്തിരിക്കുന്നത് ;

(എച്ച്) എങ്കിൽ ആരൊക്കെ എന്തുകൊണ്ട് ഒഴിവാക്കി എന്ന് വ്യക്തമാക്കാമോ ;

(ഐ) പരാതിക്കാരിയുടെ മൊഴി ആദ്യം എടുത്തത് വനിതാപോലീസ് അല്ല എന്ന പരാതി ശരിയാണോ ; എങ്കിൽ എന്താണ് അതിന്റെ കാരണം ;

(ജെ) വനിതാ പോലീസ് എന്നാണ് പരാതിക്കാരിയുടെ മൊഴി എടുത്തതെന്ന് വ്യക്തമാക്കുമോ ;

(കെ) നാദാപുരം സംഭവങ്ങളിൽ എത്ര രൂപയുടെ നഷ്ടം ഉണ്ടെന്നാണ് കണക്കാക്കിയിരിക്കുന്നത് ;

(എൽ) ഇവർക്ക് നഷ്ടപരിഹാരം നൽകുവാനുള്ള നടപടി എന്തായി എന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-എൽ) നാദാപുരം മേഖലയിൽ ഉണ്ടായ സംഭവങ്ങളിൽ 3 പേർ കൊല്ലപ്പെടുകയുണ്ടായി. മൊത്തം 212 കേസുകൾ ഈ സംഭവങ്ങളോടനുബന്ധിച്ച് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസുകളിൽ 1307 പ്രതികളുണ്ട്. വിവിധ കേസുകളിൽ പ്രതികളായ 462 പേരെ അറസ്റ്റു ചെയ്തിട്ടുണ്ട്. കേസന്വേഷണം പൂർത്തിയാക്കുന്നതോടുകൂടി മാത്രമേ സംഭവത്തിൽ ഉൾപ്പെട്ടിട്ടുള്ള പ്രതികളുടെ പൂർണ്ണ വിവരം ലഭ്യമാകൂ. സ്ത്രീകൾക്കെതിരെ നടന്ന അക്രമങ്ങളുമായി ബന്ധപ്പെട്ട് രണ്ടു പരാതികൾ ലഭിച്ചു. കേസിൽ പ്രതികളായ 5 പേരെ ഇതിനകം അറസ്റ്റു ചെയ്തു. കേസന്വേഷണം ഊർജ്ജിതമായി നടന്നുവരികയാണ്. അക്രമ സംഭവങ്ങളോടനുബന്ധിച്ച് വീടുകൾക്കും മറ്റ് സ്വത്തുവകകൾക്കും നാശനഷ്ടം സംഭവിച്ചവർക്ക് ധനസഹായം നൽകാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്.

നാദാപുരത്ത് നടന്ന രാഷ്ട്രീയ സംഘട്ടനങ്ങൾ

138 (139) ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. കെ. കുട്ടിഅഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ നാദാപുരത്ത് നടന്ന രാഷ്ട്രീയ സംഘട്ടനങ്ങളിൽ സ്ത്രീപീഡനവുമായി ബന്ധപ്പെട്ട് എത്ര പ്രതികളെ അറസ്റ്റ് ചെയ്തു ; അവർ ആരൊക്കെ ; വിശദാംശം വ്യക്തമാക്കാമോ ;

(ബി) നാദാപുരത്ത് നടന്ന സ്ത്രീപീഡന കേസിലെ പ്രതികൾ ഏതു രാഷ്ട്രീയ കക്ഷികളിൽ ഉൾപ്പെടുന്നവരാണ് ;

(സി) ഈ രാഷ്ട്രീയ കൊലപാതകങ്ങളുമായി ബന്ധപ്പെട്ട് എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട് ; അറസ്റ്റ് ചെയ്യപ്പെട്ട പ്രതികൾ ഏതൊക്കെ രാഷ്ട്രീയ കക്ഷികളിൽ ഉൾപ്പെട്ടവരാണ് ; വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) നാദാപുരം രാഷ്ട്രീയ സംഘട്ടനങ്ങളോടനുബന്ധിച്ച് നടന്ന സ്ത്രീ പീഡന കേസുകളിലെ പ്രതികൾക്ക് എതിരെ പോലീസ് ഊർജ്ജിതമായി നടപടി എടുക്കുന്നില്ല എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) പ്രസ്തുത സ്ത്രീപീഡന കേസുകളിലെ യഥാർത്ഥ പ്രതികളെ അറസ്റ്റ് ചെയ്യുന്നതിനുള്ള അടിയന്തിര നടപടി സർക്കാർ കൈക്കൊള്ളുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഇ) നാദാപുരം മേഖലയിൽ ഉണ്ടായ അക്രമ സംഭവങ്ങളിൽ രണ്ടു സ്ത്രീകൾ ആക്രമിക്കപ്പെട്ടതായി പരാതി ലഭിച്ചിട്ടുണ്ട്. പരാതികളുടെ അടിസ്ഥാനത്തിൽ രണ്ടു കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുവരുകയാണ്. ഒരു കേസിലെ പ്രതികളായ 6 പേരെ ഇതിനകം അറസ്റ്റുചെയ്തിട്ടുണ്ട്. ഈ കേസിന്റെ അന്വേഷണം ക്രൈം ബ്രാഞ്ചിനെ ഏല്പിച്ചിരിക്കുകയാണ്. സന്തോഷ്, മൊയ്തു എന്നിവരുടെ കൊലപാതക കേസുകളിൽ ആറുപേരെ ഇതിനകം അറസ്റ്റു ചെയ്തിട്ടുണ്ട്. കേസുകളുടെ അന്വേഷണം ത്വരിതപ്പെടുത്തുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly